# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം
2014 ജൂൺ 16, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 329)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| മുഖ്യമന്ത്രി | : | 1660 മുതൽ 1714 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | 1715 മുതൽ 1792 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി | : | 1793 മുതൽ 1904 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി | : | 1905 മുതൽ 1988 വരെ |

### കോടതി വ്യവഹാര ഭാഷ മലയാളമാക്കാൻ നടപടി

T1660 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ശ്രേഷ്ഠഭാഷാവർഷവുമായി ബന്ധപ്പെടുത്തി കോടതി വ്യവഹാരങ്ങൾ പൂർണ്ണമായും മാതൃഭാഷയിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) കോടതി വ്യവഹാരങ്ങൾ മലയാള ഭാഷയിലാക്കുന്നതിന് നിലവിലെ തടസ്സങ്ങളെന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(സി) സമയബന്ധിതമായി മലയാളഭാഷ കോടതി വ്യവഹാരങ്ങൾക്കായി പൂർണ്ണമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങലിൽ അഡീഷണൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ കോടതി</u>

T1661 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ അഡീഷണൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ കോടതി തുടങ്ങുവാൻ ഹൈക്കോടതിയിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആറ്റിങ്ങലിൽ അഡീഷണൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ കോടതി എന്നുമുതൽ പ്രവർത്തിച്ച് തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം സിവിൽ സ്റ്റേഷനിൽ കോർട്ട് കോംപ്ലക്സ്</u>

T1662 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കോടതികൾക്കായി കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) സിവിൽ സ്റ്റേഷനിലും പരിസരത്തുമുള്ള വിവിധ കോടതികളിലെ സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപെട്ടിട്ടുണ്ട്;

(സി) ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോടതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) വിവിധ കോടതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് സിവിൽ സ്റ്റേഷനിൽ ഒരു 'കോർട്ട് കോംപ്ലക്സ്' എത്രയും വേഗം യാഥാർത്ഥ്യമാകുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അടൂരിൽ സബ് കോടതി</u>

T1663 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ് കോടതി അനുവദിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവിന്മേൽ നാളിതുവരെയുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്മേൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) അടൂരിൽ എന്നത്തേയ്ക്ക് സബ് കോടതി സ്ഥാപിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി</u>

1664 ശ്രീ. പി. എ. മാധവൻ
'' വി. റ്റി. ബൽറാം
'' എ. പി. അബ്ദുള്ളക്കുട്ടി
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>സേവനാവകാശനിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി</u>

1665 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനങ്ങൾ വേഗത്തിൽ ജനങ്ങളിലെത്തുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സേവനാവകാശനിയമം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സേവനാവകാശനിയമത്തിന്റെ ഗുണദോഷങ്ങളുടെ വിലയിരുത്തൽ</u>

1666 ശ്രീ. സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിയമത്തിൽ മാറ്റങ്ങളെന്തെങ്കിലും വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരത്തക്കവിധം നിയമം പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ഭരണത്തില്‍ കൂടുതല്‍ വിശ്വസ്തതയും സുതാര്യതയും</u>

1667 ശ്രീ. റ്റി.എന്‍. പ്രതാപന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, എം.എ. വാഹീദ്
,, വി.ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഭരണത്തില്‍ കൂടുതല്‍ വിശ്വസ്തതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കര്‍മ്മ പരിപാടികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു പേഴ്സണല്‍ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പേപ്പർലെസ് ഓഫീസ് സംവിധാനം</u>

1668 ശ്രീ. കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, പി.സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പേപ്പർലെസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിൽ സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

റൈറ്റ് ടു ഹിയറിംഗ് പദ്ധതി

1669 ശ്രീ. സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ മാധവൻ
,, എ. റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റൈറ്റ് ടു ഹിയറിംഗ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സേവനങ്ങള്‍ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികള്‍</u>

1670 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ജീവനക്കാര്‍ ഓഫീസ് സമയത്ത് കൃത്യമായും ജോലി ചെയ്യുന്നു എന്നുറപ്പ് വരുത്തുന്നതിനായി എന്തെല്ലാം ആധുനിക സംവിധാനങ്ങള്‍ ആണ് ഏര്‍പ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ; കാര്യക്ഷമത വര്‍ദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ചട്ടങ്ങളായ M.O.P, D.O.M, S.O.M എന്നിവ കാലോചിതമായി പരിഷ്കരിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ; അതു സംബന്ധിച്ച് പഠനം നടത്തുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള ഇ-ഗവേണന്‍സ് പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; ഈ സംവിധാനം കുറ്റമറ്റരീതിയിലാക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഫയലുകള്‍ സമയബന്ധിതമായി തീര്‍പ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; പ്രസ്തുത നടപടികള്‍ ഫലപ്രദമാണെന്ന് സര്‍ക്കാര്‍ കരുതുന്നുണ്ടോ; ഇല്ലെങ്കില്‍ അതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കും; വിശദമാക്കാമോ;

(ഡി) സെക്രട്ടറിയേറ്റ് ജീവനക്കാര്‍ക്കെതിരെ വകുപ്പുതല ശിക്ഷാ നടപടികള്‍ സ്വീകരിക്കുന്നതിലെ നിലവിലെ രീതി വ്യക്തമാക്കാമോ; പ്രസ്തുത വ്യവസ്ഥയില്‍ മാറ്റം വരുത്തി ഓരോ വകുപ്പു സെക്രട്ടറിമാരുടേയും നേരിട്ടുള്ള നിയന്ത്രണത്തില്‍ ജീവനക്കാരെ വിന്യസിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഫയലുകള്‍ അനന്തമായി കൈവശം വയ്ക്കുന്ന ജീവനക്കാര്‍ക്കെതിരെ വകുപ്പ്തല നടപടികള്‍ സ്വീകരിക്കുന്നതിലെ നിലവിലെ സംവിധാനം വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

(എഫ്) സെക്രട്ടറിയേറ്റിൽ ഫയലുകളും, തപാലുകളും, 'ഐഡിയാസി'-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം പാലിക്കാത്തതായി സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ജി) ജോലിയിൽ അനാസ്ഥ കാണിക്കുകയും, പൗരന്മാർക്ക് നീതി നിഷേധിക്കുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിലേക്കായി എന്തെല്ലാം നിർദ്ദേശങ്ങൾ ആണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ സഹായത്തിനുവേണ്ടി എം.എൽ.എ മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ</u>

1671 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപെട്ട് മരിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ദുരിതാശ്വാസ സഹായത്തിന് വേണ്ടി എം. എൽ.എമാർ മുഖേന ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ നൽകുന്ന അപേക്ഷകൾ വീണ്ടും അന്വേഷണത്തിനായി തിരിച്ചയക്കുന്നതുമൂലം യഥാസമയം സഹായം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിനായി എം.എൽ.എ മാർ വഴി ആവശ്യമായ രേഖകൾ ഉൾപ്പെടെ നൽകുന്ന അപേക്ഷകളിൻമേൽ അടിയന്തിരമായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ശ്രേഷ്ഠഭാഷാ ദിനാഘോഷം</u>

T1672 ശ്രീ. വി.ഡി. സതീശൻ
,, ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രേഷ്ഠഭാഷാദിനാഘോഷം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ദിനാഘോഷത്തിന്റെ ഭാഗമായി സാംസ്കാരിക സ്ഥാപനങ്ങളിൽ എന്തെല്ലാം ആഘോഷ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്;

(സി) മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചതിന് ശേഷം എന്തെല്ലാം തുടർ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പുതിയ പ്രധാനമന്ത്രി മുമ്പാകെ ഉന്നയിച്ച ആവശ്യങ്ങളും ലഭിച്ച ഉറപ്പുകളും</u>

1673 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, വി. ചെന്താമരാക്ഷൻ
,, സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ പ്രധാനമന്ത്രി മുമ്പാകെ സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി; വിശദമായ നിവേദനം നൽകുകയുണ്ടായോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം ആവശ്യങ്ങളിൻമേൽ പ്രധാനമന്ത്രിയിൽ നിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്;

(സി) മുൻ കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിരുന്ന ഏതെങ്കിലും വിഷയങ്ങൾ ഇപ്പോഴത്തെ പ്രധാനമന്ത്രിയോട് ആവശ്യപ്പെടേണ്ടതായി വന്നിട്ടുണ്ടോ; അവ ഏതൊക്കെ;

(ഡി) സംസ്ഥാനത്തിന്റെ ഏതെങ്കിലും ആവശ്യത്തിൻമേൽ പ്രധാനമന്ത്രി വിശദമായി ചർച്ച നടത്തുകയുണ്ടായോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വകുപ്പുകളുടെ വെബ്സൈറ്റുകൾ</u>

1674 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വകുപ്പുകളുടെ വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

(ബി) സെക്രട്ടേറിയറ്റ് ഒഴികെയുള്ള ഓഫീസുകളിൽ വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നല്കുമോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസുകളാണെന്ന് കണ്ടെത്തി വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശം നല്കുമോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>മിഷൻ 676–ലെ അഞ്ചിന പദ്ധതികൾ</u>

1675 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676–ൽ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അഞ്ചിന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിൽ എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ;

(ഡി) പരിപാടികൾ മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>വിരമിക്കൽ പ്രായം 56 വയസ്സിൽ കൂടുതലുള്ള സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ</u>

1676 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

വിരമിക്കൽ പ്രായം 56 വയസ്സിൽ കൂടുതലുള്ള വകുപ്പുകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷൻ/ബോർഡുകൾ എന്നിവ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണ് ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി– തിരുവനന്തപുരം ജില്ല</u>

1677 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയിൽ തിരുവനന്തപുരം ജില്ലയിൽ എത്ര ഹർജി ലഭിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ സാമ്പത്തിക സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ; ഇത്തരം അപേക്ഷകളിൽ തീർപ്പാക്കാൻ എത്ര അപേക്ഷകൾ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി മുഖേന ബി.പി.എൽ. - ലേക്ക് മാറ്റിയ റേഷൻകാർഡുകൾ</u>

1678 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടന്ന രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചു എന്നതിന്റെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര കാർഡുകളിൽ തീരുമാനമെടുത്തുവെന്നും തീരുമാനമെടുക്കുന്നതിനായി എത്ര കാർഡുകൾ ബാക്കിയുണ്ടന്നതിന്റെയും താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676 കാസർഗോഡ് ജില്ല</u>

1679 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്കജില്ലയെന്ന പരിഗണനയിൽ കാസർഗോഡ് ജില്ലയിൽ മിഷൻ 676ൽപെടുത്തി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കഴിഞ്ഞ കുറെ വർഷങ്ങളിൽ പുതിയ വ്യവസായങ്ങളോ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്ന ഇതര സ്ഥാപനങ്ങളോ ഈ ജില്ലയിൽ തുടങ്ങിയിട്ടില്ലെന്നതു പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>വിരമിച്ച വിദഗ്ധ ഉദ്യോഗസ്ഥരുടെ കണ്‍സോര്‍ഷ്യം</u>

T1680 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സര്‍ക്കാര്‍ സര്‍വ്വീസില്‍ നിന്ന് വിരമിച്ചവരില്‍ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ കണ്‍സോര്‍ഷ്യം രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വികസന പ്രവര്‍ത്തനങ്ങളില്‍ ഇവരുടെ സേവനം ഉറപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങള്‍ ഏര്‍പ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട ഉദ്യോഗസ്ഥര്‍ക്ക് അര്‍ഹമായ സ്ഥാനക്കയറ്റം ലഭിക്കുന്നില്ലെന്നുള്ള പരാതി</u>

1681 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പല സര്‍ക്കാര്‍ സ്ഥാപനങ്ങളിലും വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട ഉദ്യോഗസ്ഥര്‍ക്ക് അര്‍ഹമായ സ്ഥാനക്കയറ്റം നല്‍കാതെ നീതി നിഷേധിക്കപ്പെടുന്നുവെന്ന പരാതികള്‍ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തില്‍പ്പെട്ടവര്‍ക്ക് അര്‍ഹമായ സ്ഥാനക്കയറ്റം നല്കാതെ പകരം ഉദ്യോഗത്തില്‍ നിന്നും വിരമിച്ചവരെ കരാറടിസ്ഥാനത്തിലും മറ്റും നിയമിക്കുന്നതായ നടപടികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എല്ലാ വകുപ്പുകള്‍ക്കും പൊതുമേഖലാസ്ഥാപനങ്ങള്‍ക്കും കര്‍ശനമായ നിര്‍ദ്ദേശങ്ങള്‍ നല്‍കുവാനും അപ്രകാരം സ്വീകരിച്ച നടപടികള്‍ റദ്ദാക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ ബാങ്കുകളുടെ അനാസ്ഥ

T1682 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ ബാങ്കുകൾ കുറ്റകരമായ അനാസ്ഥ കാണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2013–14 വർഷത്തിൽ കേരളത്തിലെ ഷെഡ്യൂൾഡ് ബാങ്കുകളിലും, പൊതുമേഖലാ ബാങ്കുകളിലുമായി എത്ര വിദ്യാഭ്യാസ വായ്പാ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; ഇതിൽ എത്ര എണ്ണം പാസാക്കി തുക കൈമാറിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) കണക്കുകൾ ജില്ല തിരിച്ചും, ബാങ്കുകൾ തിരിച്ചും വിശദമാക്കുമോ ;

(ഡി) 2009ന് മുൻപ് എടുത്ത വിദ്യാഭ്യാസ വായ്പയിൽ 2013 ഡിസംബർ 31 വരെയുള്ള പലിശ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടും ആയത് ലോണിലേക്ക് ചേർക്കാതെ വായ്പ എടുത്തവരെ ബാങ്കുകൾ ബുദ്ധിമുട്ടിക്കുന്ന വിവരം അറിയാമോ ;

(ഇ) ഇതിനെതിരെ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സോളാർ കേസ്സുമായി ബന്ധപ്പെട്ട് പുറത്താക്കപ്പെട്ട ഉദ്യോഗസ്ഥർ</u>

1683 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സോളാർ കേസുമായി ബന്ധപ്പെട്ടോ അല്ലാതെയോ, മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ഏതെങ്കിലും ജീവനക്കാരെ പുറത്താക്കിയിട്ടുണ്ടോ എന്നും, അവരെ എന്തുകൊണ്ടാണു പുറത്താക്കിയതെന്നും, അവരുടെ പേര്, തസ്തിക, അവർ ഓരോരുത്തരും വാങ്ങിയിരുന്ന പ്രതിമാസ ശമ്പളം, പുറത്താക്കപ്പെടുന്നതുവരെ ഓരോരുത്തരും വാങ്ങിയ ആകെ ശമ്പളം- എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പാസ്പോർട്ട് സേവാകേന്ദ്രം</u>

1684 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾ ഏറെയുള്ള കാസർഗോഡ് ജില്ലയിൽ പാസ്പോർട്ട് സേവാകേന്ദ്രം ഇല്ലാത്തതിനാൽ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാഞ്ഞങ്ങാട് പാസ്പോർട്ട് സേവാകേന്ദ്രം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

**ബാംഗ്ലൂരിൽവച്ച് മലയാളി വിദ്യാർത്ഥി റാഗിംഗിന് ഇരയായി മരണപ്പെട്ട സംഭവം**

1685 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആചാര്യ പോളിടെക്നിക്, സോലദേവനഹള്ളി, ബാംഗ്ലൂർ എന്ന എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സിന് പഠിച്ചുവരികയായിരുന്ന ചാലക്കുടി കാർസ് ഇന്ത്യയ്ക്കു സമീപം പൂപ്പറമ്പിൽ വീട്ടിൽ സയ്യദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം, കോളേജിൽവച്ച് മുതിർന്ന കുട്ടികളുടെ ക്രൂരമായ റാഗിംഗിനും അക്രമണത്തിനും ഇരയായി ഗുരുതരാവസ്ഥയിൽ ചികിത്സയിലിരിക്കെ 10.3.2014–ൽ മരണമടഞ്ഞ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനത്ത് പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിക്ക് ബാംഗ്ലൂരിൽവച്ചുണ്ടായ ഈ കൊടും ക്രൂരതയ്ക്കും മരണത്തിനും കാരണക്കാരായവരെ കണ്ടെത്തി നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നിരവധി ഓപ്പറേഷനുകളടക്കം വലിയ തുക ചികിത്സയ്ക്കായി ചെലവഴിച്ച് സാമ്പത്തികമായി തകർന്ന അഹബിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കടക്കെണിയിൽപ്പെട്ട് കിടപ്പാടം നഷ്ടപ്പെട്ടവരുടെ പുനരധിവാസം</u>

1686 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടക്കെണിയിൽപ്പെട്ടവരെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ വായ്പാ സ്രോതസ്സുകളിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(ബി) ഇപ്രകാരം കടക്കെണിയിലായവരുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കടക്കെണിൽപ്പെട്ട് 'കിടപ്പാടം' നഷ്ടപ്പെട്ടിട്ടുള്ള കേസുകളിൽ അർഹരെന്നു ബോധ്യപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ബ്ലേഡ് മാഫിയയുടെ കെണിയിൽപ്പെട്ടവരെ സഹായിക്കാൻ നടപ്പു സാമ്പത്തിക വർഷം പ്രത്യേക പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

പോലീസ് വാഹനമിടിച്ച് മരിച്ച കുടുംബത്തിന് സഹായം

1687 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നഗരത്തിനുസമീപം പോലീസ് വാഹനമിടിച്ച് അമ്മയും മകളും മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

വിവരാവകാശനിയമ പ്രകാരം മറുപടി നൽകുന്നതിലെ അപാകതകൾ

1688 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമമനുസരിച്ചുള്ള അപേക്ഷകളിൽ പല ഓഫീസുകളിൽ നിന്നും കൃത്യമായും വ്യക്തമായും മറുപടി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കൃത്യമായ മറുപടി നൽകാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർ പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവന പുസ്തകത്തിൽ ഇക്കാര്യം ഉൾപ്പെടുത്തണമെന്നും വകുപ്പുതല പരീക്ഷകളിൽ വിവരാവകാശ നിയമം പാഠ്യവിഷയമാക്കണമെന്നും വിവരാവകാശ കമ്മീഷന്റെ ശുപാർശ സർക്കാരിന് ലഭിച്ചിരുന്നോ;

(ഡി) ഉണ്ടെങ്കിൽ എപ്പോഴാണ് ശുപാർശ ലഭിച്ചതെന്നും ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുഎന്നും വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം</u>

1689 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>മുൻ കേന്ദ്രമന്ത്രിമാരുടെ സംസ്ഥാന സന്ദർശന വേളയിലെ ചെലവുകൾ</u>

1690 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കഴിഞ്ഞ യു.പി.എ സർക്കാരിന്റെ കാലത്തുുണ്ടായിരുന്ന കേന്ദ്രമന്ത്രിമാർ ഓരോരുത്തരും സംസ്ഥാനത്തിനകത്ത് എത്ര ഔദ്യോഗിക യാത്രകൾ നടത്തിയിട്ടുണ്ട്;

(ബി) ഇവരിൽ ആരെങ്കിലും ഏതെങ്കിലും യാത്രകൾക്ക് സർക്കാർ സൗജന്യങ്ങൾ വിനിയോഗിക്കാതിരുന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇവർ ഓരോരുത്തരും സർക്കാർ അതിഥി മന്ദിരങ്ങളിൽ ആകെ എത്ര ദിവസം താമസിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക സർക്കാർ ഖജനാവിൽ നിന്നും നൽകി; വ്യക്തമാക്കുമോ;

(ഡി) ഇവരിൽ ഓരോരുത്തരും വാഹനം ഉപയോഗിച്ചതിന് സർക്കാർ ഖജനാവിൽ നിന്നും എത്ര തുക വീതം വിനിയോഗിച്ചിട്ടുണ്ട്;

(ഇ) പോലീസിനെയും മറ്റു സുരക്ഷാ ഉദ്യോഗസ്ഥരെയും ഉപയോഗിച്ചതിൽ സർക്കാരിന് വന്ന ചെലവും ഓരോരുത്തർക്കും വേണ്ടി എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(എഫ്) വിവിധ ഇനങ്ങളിലായി പ്രസ്തുത കേന്ദ്രമന്ത്രിമാർക്ക് ഓരോരുത്തർക്കും വേണ്ടി സംസ്ഥാന ഖജനാവിൽ നിന്നും ചെലവായ തുകയുടെ കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പിലെ അധിക തസ്തികകൾ</u>

1691 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ അധിക തസ്തികകൾ നിർത്തലാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഏതെല്ലാം വകുപ്പുകളിൽ അധിക തസ്തികകൾ ഉള്ളതായി കരുതുന്നു; എന്തെല്ലാം തസ്തികകൾ; എത്രവീതമുണ്ട്; വിശദാംശങ്ങൾ നൽകാമോ?

(ബി) അധിക തസ്തികകൾ വെട്ടിക്കുറച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) അധിക തസ്തികകൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ എന്തായിരുന്നു?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ വകുപ്പുകളുടെ ഏകോപനമില്ലായ്മ</u>

1692 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം ഫയലുകളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ഡിപ്പാർട്ട്മെന്റിൽ നിന്നും മറ്റൊരു ഡിപ്പാർട്ട്മെന്റിലെത്തുന്ന ഫയലിലെ പോരായ്മകൾ പരിഹരിക്കുവാൻ ഒരു ഫോൺ കോൾ മതിയെന്നിരിക്കെ പ്രസ്തുത പോരായ്മയുടെ പേരിൽ ഫയൽ മടക്കി അയച്ച് നടപടിക്ക് താമസം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം തീരുമാനങ്ങൾ ഏതെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതാണോ; ചെറിയ പോരായ്മകളുടെ പേരിൽ ഫയലുകൾ മടക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>എം.എല്‍.എ മാരുടെ പി.എ. മാര്‍ക്ക് ഫയല്‍സംബന്ധമായ വിവരങ്ങള്‍ ലഭ്യമാക്കാന്‍ നടപടി</u>

1693 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എം.എല്‍.എ മാരുടെ പി.എ മാര്‍ ഫയലുകളുടെ പുരോഗതിയും വിവരങ്ങളും അന്വേഷിച്ച് ഓഫീസുകളിലും സെക്ഷനുകളിലും ചെല്ലുമ്പോള്‍ അവര്‍ക്ക് വ്യക്തമായ മറുപടി നല്‍കാന്‍ പല ഉദ്യോഗസ്ഥരും മടിക്കുന്നത് സംബന്ധിച്ച് പരാതികള്‍ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തുനടപടി സ്വീകരിച്ചു എന്നു പറയുമോ; 18.2.2013-ല്‍ പാര്‍ലമെന്ററികാര്യവകുപ്പില്‍ നിന്നും 441/എ2/2013 നമ്പരായി ഇറക്കിയിരുന്ന പരിപത്രം എല്ലാ ഓഫീസുകളിലും നല്‍കാത്തത് എന്തുകൊണ്ടാണെന്നു പറയാമോ; പരിപത്രം എല്ലാ ഓഫീസുകളിലും സെക്ഷനുകളിലും ലഭ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ഐ. എ. എസ്., ഐ. പി. എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള ആക്രമണങ്ങൾ</u>

1694 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഐ. എ. എസ്., ഐ. പി. എസ്സ്. ഉദ്യോഗസ്ഥർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ആക്രമിക്കപ്പെട്ടെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കേരള കേഡറിലുള്ള എത്ര ഐ. എ. എസ്, ഐ. പി. എസ് ഉദ്യോഗസ്ഥർ കേരളം വിട്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ എത്രപേർ അന്യത്ര സേവനവ്യവസ്ഥയിൽ കേന്ദ്രത്തിലും മറ്റ് സംസ്ഥാനങ്ങളിലും സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) എത്രപേർ രാജിവെച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കോടതികളിലെ താൽകാലിക നിയമനം</u>

1695 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടതികളിൽ താൽകാലിക നിയമനം നടത്തരുതെന്ന സുപ്രീം കോടതി വിധി നിലവിലുണ്ടോ;

(ബി) കേരളത്തിൽ വിവിധ ജില്ലകളിലായി തുടങ്ങുന്ന 27 പുതിയ കോടതികളിൽ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ താൽകാലിക നിയമനം നടത്തുന്നതിന് ഉത്തരവ് ആയിട്ടുണ്ടോ;

(സി) എൽ. ഡി. ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിരവധി പേർ നിയമനം കാത്തിരിക്കെ ഇത്തരം താൽകാലിക നിയമനങ്ങൾ കോടതി വിധിക്ക് എതിരായിട്ടുള്ളതാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ശാസ്ത്ര സാങ്കേതിക വകുപ്പ് നടപ്പാക്കുന്ന കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ</u>

1696

ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ശാസ്ത്ര സാങ്കേതിക വകുപ്പ് വഴി നടപ്പാക്കുന്ന കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ പെൻഷൻ പദ്ധതി</u>

1697 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പെൻഷൻ പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന് സർക്കാർ നീക്കിവെച്ചിട്ടുള്ള തുകയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കൗൺസിലിലെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.ക്കു വിടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ
നിയമനങ്ങൾ

1698 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അതിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും നിയമനങ്ങൾക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നോക്ക വിഭാഗ സംവരണ തത്വങ്ങൾ പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ താൽക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്തുന്നതിൽ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ;

(ഡി) ഇത്തരം നിയമനങ്ങളിൽ സംവരണ തത്വങ്ങളും അനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

**<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നിയമനങ്ങളിലെ സംവരണം</u>**

1699 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിലിലെയും അതിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്കായുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗ സംവരണ തത്വങ്ങളും അനുബന്ധ നിയമങ്ങളും പാലിച്ചുകൊണ്ടുള്ള തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ വിജ്ഞാപനത്തിൽ നൽകാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുമ്പോൾ പ്രസ്തുത വിഭാഗങ്ങളുടെ സംവരണ തസ്തിക, റിസർവേഷൻ രജിസ്റ്റർ, റൊട്ടേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയും അതു പിൻതുടരുകയും ചെയ്യാറുണ്ടോ ?

**കേരള നിയമസഭ**

**16.06.2014–ലെ മറുപടിക്ക്**

<u>സർക്കാർ ജീവനക്കാരുടെ പ്രവൃത്തിദിനങ്ങൾ</u>

1700 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പ്രവൃത്തിദിനങ്ങൾ അഞ്ച് ദിവസമായി ഏകീകരിക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ആശ്രിത നിയമന വ്യവസ്ഥകൾ</u>

1701 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനവ്യവസ്ഥ വഴി എതെല്ലാം തസ്തികകളിലേക്ക് നിയമനം നടത്താൻ വ്യവസ്ഥയുണ്ട്;

(ബി) പ്രമോഷൻ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ഇതിൽ വ്യവസ്ഥയുണ്ടോ; ആശ്രിതനിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ; ആയതുമായി ബന്ധപ്പെട്ട് നാളിതുവരെ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ ആശ്രിത നിയമനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) റവന്യൂ വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂളിന് വിരുദ്ധമായി ആശ്രിത നിയമനം നടത്തുന്നതിനുള്ള പ്രസ്തുത തീരുമാനം പുനപരിശോധിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

ആശ്രിത നിയമനം – കാലതാമസം ഒഴിവാക്കാൻ നടപടി

1702 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആശ്രിത നിയമനത്തിനായി ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; ഇനി എത്ര പേർക്ക് നിയമനം നൽകാനുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

പി. എസ്. സി. ലിസ്റ്റുകൾ കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കാൻ നടപടി

1703 ശ്രീ.എം. എ. വാഹീദ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' ആർ. സെൽവരാജ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്.സി യുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ഉടൻ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തസ്തികകൾക്കാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എല്ലാ തസ്തികകളിലേക്കും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പി.എസ്.സി. അഡൈ്വസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തവര്‍</u>

1704 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എസ്.സി. അഡൈ്വസ് ലഭിച്ച ശേഷം നിയമനം ഇതുവരെ ലഭിക്കാത്ത എത്ര കേസ്സുകള്‍ നിലവിലുണ്ട്;

(ബി) പി.എസ്.സി. അഡൈ്വസ് നല്‍കി എത്ര ദിവസത്തിനകം അതത് വകുപ്പുകള്‍ നിയമനം നല്‍കണമെന്നതാണ് നിലവിലെ വ്യവസ്ഥയെന്ന് അറിയിക്കുമോ; പ്രസ്തുത വ്യവസ്ഥ ലംഘിച്ച എത്ര വകുപ്പ് ഉദ്യോഗസ്ഥര്‍ക്കെതിരെ സര്‍ക്കാര്‍ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നപ്പോള്‍ എത്ര പി.എസ്.സി. ലിസ്റ്റുകള്‍ നിയമനങ്ങള്‍ക്കായി നിലവിലുണ്ടായിരുന്നു;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നതിനുശേഷം പുറപ്പെടുവിച്ച പി.എസ്.സി. ലിസ്റ്റുകളുടെ എണ്ണം എത്ര?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ വനിതാ എക്സൈസ്</u>
<u>ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ്</u>

1705 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനിതാ എക്സൈസ് ഗാർഡുമാരെ നിയമിക്കുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ലിസ്റ്റ് എപ്പോൾ നിലവിൽ വന്നുവെന്നും ഈ ലിസ്റ്റിൽ നിന്ന് നാളിതുവരെയായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം</u>

1706 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് വിവിധ വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം നൽകിയവരുടെ സംവരണാടിസ്ഥാനത്തിലുള്ള റാങ്ക് വിശദമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കെ. എസ്. ഇ. ബി മസ്ദൂര്‍ റാങ്ക് ലിസ്റ്റ്</u>

1707 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ജില്ലയില്‍ കെ. എസ്. ഇ. ബി. മസ്ദൂര്‍ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവില്‍ വന്നത്;

(ബി) പ്രസ്തുത ലിസ്റ്റില്‍ നിന്നും എത്ര പേര്‍ക്ക് നിയമനം നല്‍കി; വിജ്ഞാപനം ക്ഷണിക്കുമ്പോള്‍ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത്; നിലവില്‍ എത്ര ഒഴിവുകള്‍ റിപ്പോര്‍ട്ടു ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

എച്ച്.എസ്.എസ്.ടി. (കോമേഴ്സ്) ഒഴിവുകൾ

1708 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി കോമേഴ്സ് (ജൂനിയർ/സീനിയർ) വിഭാഗങ്ങളിൽ അദ്ധ്യാപകരുടെ എത്ര വീതം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് ഇന്റർവ്യൂ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിലെ നിയമനം</u>

1709 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എച്ച്.എസ്.എ. സോഷ്യൽ സയൻസ് റാങ്ക് ലിസ്റ്റ് എന്ന് നിലവിൽ വന്നുവെന്നറിയിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്ന് നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) നിലവിൽ എച്ച്.എസ്.എ സോഷ്യൽ സയൻസിന്റെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 16.06.2014–ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധി</u>

1710 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധന സഹായത്തിന് 2014 15–ൽ എത്ര അപേക്ഷകൾ വിവിധ ഇനങ്ങളിലായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ച് സഹായധനം വിതരണം ചെയ്തുവെന്ന് അറിയിക്കുമോ;

(സി) ശേഷിക്കുന്ന അപേക്ഷകളിൽ തീർപ്പാക്കി എന്നത്തേക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ചികിത്സ ധനസഹായത്തിന് മുൻഗണന</u>

1711

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവായത് അപേക്ഷകർക്ക് ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഫണ്ടിന്റെ അഭാവം കാരണമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ചികിത്സാ ധനസഹായങ്ങൾക്ക് ഉയർന്ന പരിഗണന നൽകി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം</u>

1712 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായമായും അപകടമരണത്തിൽപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായമായും എന്തുതുകയാണ് അനുവദിച്ചത്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അമ്പലപ്പുഴ താലൂക്കിൽ എത്ര പേർക്ക് ധനസഹായം അനുവദിക്കുകയുണ്ടായി; എത്ര ധനസഹായം അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധി</u>

1713 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ ഏതു തീയതിവരെ അപേക്ഷിച്ചവർക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും തുക വിതരണം ചെയ്തിട്ടുള്ളതെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

അന്തർസംസ്ഥാന നദീജലകരാറുകൾ

1714 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് അന്തർസംസ്ഥാന നദീജല കരാറുകൾ നിലവിലുള്ളത്; ഇത്തരത്തിൽ എത്ര കരാറുകളാണ് ഉള്ളത്; അവ ഏതൊക്കെയെന്നും ഓരോ കരാറും നിലവിൽ വന്ന തീയതിയും വ്യക്തമാക്കുമോ;

(ബി) ഓരോ കരാർ അനുസരിച്ചും കേരളത്തിന് ലഭിക്കേണ്ടതും നൽകേണ്ടതുമായ വെള്ളത്തിന്റെ അളവ് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) കരാറുകളനുസരിച്ച് കേരളത്തിനു ലഭിക്കേണ്ട വെള്ളം കൃത്യമായി ലഭിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഏതൊക്കെ കരാറുകളിലാണ് കൃത്യമായി വെള്ളം ലഭിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(ഇ) കരാറുകളനുസരിച്ച് കേരളത്തിന് അർഹമായ ജലം ലഭ്യമാക്കാൻ സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) കരാർലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ അവ റദ്ദാക്കുന്നതിന് സർക്കാരിന് അധികാരം ഉണ്ടോ; ഏതൊക്കെ പദ്ധതികളിലാണ് ഇത്തരത്തിൽ കരാർലംഘനം കണ്ടെത്തിയിട്ടുള്ളത്; ലംഘനം ഉണ്ടായപ്പോൾ കരാർ റദ്ദാക്കാൻ എന്തു നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയിലൂടെ കടന്നുപോകുമ്പോൾ കേരളത്തിന് അർഹമായ ജലം ഉറപ്പാക്കുന്നതിനും കരാർ ലംഘനം ഉണ്ടായാൽ കരാർതന്നെ റദ്ദാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?